LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രം അനുവദിച്ച മണ്ണെണ്ണയുടെ വിഹിതം

87(1344) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ഏപ്രിൽ മുതൽ ഓരോ മാസവും കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച മണ്ണെണ്ണയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ; അപ്രകാരം അനുവദിച്ച മണ്ണെണ്ണയുടെ വിഹിതത്തിൽ എത്ര കുറവാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ എത്തിച്ചുകൊടുക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിന് പ്രതിമാസം 23160 കിലോ ലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രത്തിൽ നിന്നും അനുവദിച്ചുകൊണ്ടിരുന്നത്. 2010 ഏപ്രിൽ മാസം മുതൽ മണ്ണെണ്ണയുടെ അലോട്ടുമെന്റിൽ 4404 കിലോ ലിറ്ററിന്റെ കുറവ് വരുത്തി. ഇപ്പോൾ 18756 കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിക്കുന്നത്.

(ബി) മത്സ്യത്തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ മണ്ണെണ്ണ അനുവദിക്കുന്നില്ല മാത്രവുമല്ല പൊതുവിതരണശൃംഖല വഴി വിറ്റഴിക്കാനായി കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന മണ്ണെണ്ണ വിളക്ക് കത്തിക്കുന്നതിനും ഗാർഹിക പാചകാവശ്യത്തിനും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കാര്യം പ്രത്യേകമായി പരിഗണിച്ച് കേരള സർക്കാർ കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന മണ്ണെണ്ണയിൽ നിന്നും പ്രതിമാസം 2532 കിലോ ലിറ്റർ മണ്ണെണ്ണ മത്സ്യബന്ധനത്തിനായി അനുവദിച്ചു വരുന്നു. 2010 ഏപ്രിൽ മാസം മുതൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയിൽ കുറവ് വരുത്തിയിട്ടു പോലും മത്സ്യബന്ധന മേഖലയ്ക്ക് നേരത്തെ വിതരണം ചെയ്യുന്ന തോതിൽ മണ്ണെണ്ണ തുടർന്നും അനുവദിച്ചു വരുന്നു. പൂർണ്ണ തോതിൽ മണ്ണെണ്ണ വിഹിതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വർദ്ധിച്ച തോതിൽ എൽ.പി.ജി. കണക്ഷനും വൈദ്യുതി കണക്ഷനും നൽകുന്നു എന്നതിന്റെ പേരിലാണ് കേന്ദ്ര സർക്കാർ മണ്ണെണ്ണ അലോട്ട്മെന്റിൽ കുറവ് വരുത്തുന്നത്. മത്സ്യബന്ധനത്തിന് മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിച്ചിട്ടുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഉപയോഗിക്കാനും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നുണ്ട്. അതിനാൽ പി.ഡി.എസ്. മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അനുകൂലമല്ല. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് നോൺ പി.ഡി.എസ്. മണ്ണെണ്ണ അനുവദിക്കാമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടെ

ലിറ്ററിന് 25 രൂപ നിരക്കിൽ മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കാൻ നടപടി

88(1345) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഭക്ഷ്യസാധനങ്ങൾ കൂടുതലായി അനുവദിക്കണം എന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ കേന്ദ്രസർക്കാർ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനം സമർപ്പിച്ച നിവേദനങ്ങളുടെയും സംഘടിപ്പിച്ച പ്രക്ഷോഭങ്ങളുടെയും ഫലമായി 2007-08 വർഷത്തിൽ 51000 മെ.ടൺ അരിയും 83667 മെ.ടൺ ഗോതമ്പും 2008-09 വർഷത്തിൽ 146000 മെ.ടൺ അരിയും 20000 മെ.ടൺ ഗോതമ്പും 2009-10-ൽ പ്രതിമാസം 19000 മെ.ടൺ വീതം അരിയും അധികമായി അനുവദിച്ചു വരുന്നു. ഇതുകൂടാതെ 2009 ഓണക്കാലത്ത് 15000 മെ.ടൺ അരി റേഷൻ നിരക്കിലും (8.90 രൂപ) 35000 മെ.ടൺ അരി 14.70 രൂപ വിൽപ്പന നിരക്കിലും 25000 മെ.ടൺ ഗോതമ്പ് 11.60 രൂപ വില്പന നിരക്കിലും വിൽക്കുന്നതിന് അനുവദിക്കുകയുണ്ടായി. 2010 ജനുവരി, ഫെബ്രുവരി മാസങ്ങളിലേക്ക് കിലോഗ്രാമിന് 16.20 രൂപ വില്പന വിലയുള്ള 92114 മെ.ടൺ അരിയും 11.60 രൂപ നിരക്കിലുള്ള 30086 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിക്കുകയുണ്ടായി.

2010-11 വർഷത്തിൽ എ.പി.എൽ. വിഭാഗത്തിന് 2009-10-ലെ അഡ്ഹോക് ആയി പ്രതിമാസം അനുവദിച്ചിരുന്ന 19000 മെ.ടൺ ഉൾപ്പെടെയാണ് അലോട്ട്മെന്റ് അനുവദിച്ചത് (17056+19000=36056). കൂടാതെ എപിഎൽ. വിഭാഗത്തിന് 8.90 രൂപ നിരക്കിൽ 2010 ആഗസ്റ്റ് മുതൽ 2011 ജനുവരി മാസം വരെ പ്രതിമാസം 16319 മെ.ടൺ അരിയും 4188 മെ.ടൺ ഗോതമ്പും അനുവദിച്ചു. 2011 ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിലേക്ക് 12.70 രൂപ വില്പന വിലയുള്ള 69158 മെ.ടൺ അരിയും 9.20 വില്പന വിലയുള്ള 29735 മെ.ടൺ ഗോതമ്പും എ.പി. എൽ. വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട്.

2010-11 വർഷത്തിൽ ബി.പി.എൽ. വിഭാഗത്തിന് പ്രതിമാസമുള്ള 26566 മെ.ടൺ അരിയും 8863 മെ.ടൺ ഗോതമ്പും കൂടാതെ 7-9-2010 മുതൽ 6-3-2011 വരെയുള്ള കാലയളവിലേക്ക് ബി.പി.എൽ. നിരക്കിൽ 47210 മെ.ടൺ അരിയും 12374 മെ.ടൺ ഗോതമ്പും അനുവദിച്ചു. 5-1-2011 മുതൽ 30-6-2011 വരെയുള്ള കാലയളവിലേക്ക് ബി.പി.എൽ. നിരക്കിൽ 47210 മെ.ടൺ അരിയും 12374 മെ.ടൺ ഗോതമ്പും അനുവദിച്ചിട്ടുണ്ട്. എ.എ.വൈ. വിഭാഗത്തിന് പ്രതിമാസം 20855 മെ.ടൺ അരി മുൻകാലങ്ങളിലേതു പോലെ അനുവദിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly